# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1560 15/02/2016 -ൽ മറുപടിയ്ക്ക്

## ജൈവകൃഷി വ്യാപനം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.കെ.ജയചന്ദ്രൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) ജൈവകൃഷി വ്യാപകമാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ; | എ) 2010-11-ൽ ജൈവകൃഷി വ്യാപകമാക്കാൻ ഒരു കോടി രൂപ വകയിരുത്തിയിരുന്നു. 14 ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട 20 ബ്ലോക്കുകളിൽ ആകെ 900 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. 2011-12-ൽ 3500 ഹെക്ടർ പ്രദേശത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ജൈവകൃഷി നയത്തിന്റെ ഭാഗമായി ചുവപ്പ്, മഞ്ഞ ലേബലുള്ള മാരകമായ കീടനാശിനികൾ കാസർഗോഡ് ജില്ലയിൽ നിരോധിച്ചു. കൂടാതെ സർക്കാർ ഉത്തരവ് നം.(എംഎസ്) 116/2011/കൃഷി തീയതി 07.05.2011 പ്രകാരം 13 രാസ കീടനാശിനികൾ കേരളമൊട്ടാകെ നിരോധിക്കുകയുണ്ടായി.<br><br>2012-ൽ കാസർഗോഡ് ജൈവജില്ലയായി പ്രഖ്യാപിക്കുകയും ജൈവകൃഷി വ്യാപനത്തിനായി ആദ്യഘട്ടമെന്ന നിലയിൽ 28 പഞ്ചായത്തുകൾ തിരഞ്ഞെടുത്ത് വിവിധ ഘടകങ്ങൾ നടപ്പിലാക്കുകയും ചെയ്തു. ജൈവകൃഷിയെക്കുറിച്ച് കർഷകരിൽ അവബോധം സൃഷ്ടിക്കുവാൻ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാതല പരിശീലനങ്ങൾ, സെമിനാർ, വർക്ക്ഷോപ്പ് എന്നിവ സംഘടിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ |

കർഷകരെ പച്ചക്കറി, വാഴ എന്നിവയുടെ ജൈവകൃഷി രീതികൾ അവലംബിക്കുവാൻ പ്രോത്സാഹനം നൽകി. ഇതിനായി 5.38 കോടി രൂപ ചെലവഴിച്ചു. 2013-14-ൽ ജില്ലയിലെ 41 പഞ്ചായത്തുകളിലും ജൈവകൃഷി വ്യാപിപ്പിച്ചു. 12,000 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 423 വെർമി കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിക്കുകയും 287 ക്ലസ്റ്ററുകൾ രൂപീകരിച്ച് ജൈവകൃഷി പ്രവർത്തനം വ്യാപിപ്പിക്കുകയും ചെയ്തു. ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി 5 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു. ജൈവകൃഷിയുടെ പരിശീലനത്തിനായി ഓർഗാനിക് ഫാം സ്കൂൾ സ്ഥാപിച്ചു. 2014-15 വർഷം 256.50 ലക്ഷം രൂപ സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ചിലവാക്കിയിട്ടുണ്ട്. 2015-16-ൽ മേൽപ്പറഞ്ഞ ഘടകങ്ങൾക്കു പുറമേ പി ജി എസ് പ്രകാരമുള്ള ജൈവ സാക്ഷ്യപത്രത്തിനായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. നാഷണൽ സെന്റർ ഫോർ ഓർഗാനിക് ഫാമിംഗ്, വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ പി ജി എസ് പ്രകാരമുള്ള ജൈവ സർട്ടിഫിക്കേഷനുള്ള അംഗീകൃത ഏജൻസിയായി തിരഞ്ഞെടുത്തിട്ടുണ്ട്. അതിൻപ്രകാരം കാസർഗോഡ് ജില്ലയിലെ 3000 ഹെക്ടർ പ്രദേശത്ത് പി ജി എസ് സാക്ഷ്യപത്രത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ജൈവകൃഷി വ്യാപകമാക്കുവാൻ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള മുഖാന്തിരം ജൈവകൃഷി പ്രോത്സാഹനം, ജൈവ ഉത്പന്നങ്ങളുടെ സർട്ടിഫിക്കേഷൻ, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം എന്നീ പദ്ധതികളാണ് നടപ്പിലാക്കുന്നത്.

കൃഷി വകുപ്പിന്റെ വെജിറ്റബിൾ ഡവലപ്പ്മെന്റ് പദ്ധതി പ്രകാരം, വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'ഗ്രോബാഗ്' പദ്ധതി, നഗരപ്രദേശങ്ങളിലെ വീട്ടുവളപ്പുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിഷ വിമുക്തമായ പച്ചക്കറികൾ ലഭ്യമാക്കുന്നതിനുമായി 'ഹരിതനഗരി' പദ്ധതി എന്നീ പദ്ധതികൾ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ നടപ്പിലാക്കിയിട്ടുണ്ട്.

ബി) ജൈവകൃഷി വ്യാപിപ്പിക്കാൻ സ്കൂൾ മുഖാന്തിരം വിദ്യാർത്ഥികൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ പദ്ധതിയുണ്ടോ; സ്കൂൾ മുഖാന്തിരം കൃഷിവകുപ്പ് പച്ചക്കറി വിത്തുകൾ വിതരണം നടത്തിയിട്ടുണ്ടോ;

ബി) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി കേരള കൃഷി വകുപ്പ് 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി 55 ലക്ഷം പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ സ്കൂൾ വിദ്യാർത്ഥികളും വീട്ടമ്മമാരും മുഖേന നൽകിയിട്ടുണ്ട്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ജൈവകൃഷി ആസ്പദമാക്കിയുള്ള ലഘുലേഖകളും, കൈപുസ്തകങ്ങളും, സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന നൽകി. ആവശ്യമായ പരിശീലന പരിപാടികളും വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്. കേരളത്തിലെ 3825 വിദ്യാലയങ്ങളിൽ പോർട്ടബിൾ ബയോഗ്യാസ് പ്ലാന്റ് സൗജന്യമായി നൽകിയിട്ടുണ്ട്.

സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്ന സംഘടനകളെ സഹായിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ?

സി) കർഷകർ ഉല്പാദിപ്പിക്കുന്ന പഴം - പച്ചക്കറികൾ തുടങ്ങിയവ, കൃഷി വകുപ്പ്, പച്ചക്കറി വികസന പദ്ധതിയനുസരിച്ച് രൂപം നൽകിയ ബ്ലോക്കുതല കർഷക വിപണന സ്ഥാപനങ്ങൾ (BLFO's),

ഇക്കോഷോപ്പുകൾ, കാർഷിക മൊത്ത വ്യാപാര വിപണികൾ, ജില്ലാതല സംഭരണ വിതരണ കേന്ദ്രങ്ങൾ, കർഷക ക്ലസ്റ്ററുകൾ, കർഷക സ്വാശ്രയ വിപണികൾ, പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പ് തുടങ്ങിയ വിപണന ശൃംഖല മുഖേന വിപണിയിൽ ലഭ്യമാക്കുന്നതാണ്. കാസർഗോഡ് ജില്ലയിൽ 5 ഇക്കോഷോപ്പുകൾ പ്രവർത്തിച്ചുവരുന്നു. കാസർഗോഡ് ജില്ല ഒഴികെയുള്ള 13 ജില്ലകളിലെ 65 തിരഞ്ഞെടുത്ത ബ്ലോക്കുകളിലും കൂടി ഇക്കോഷോപ്പുകൾ സജ്ജമാക്കി വരുന്നു. ഓരോ ഇക്കോഷോപ്പും പ്രാവർത്തികമാക്കാൻ 5 ലക്ഷം രൂപ വീതം അനുവദിച്ചുണ്ട്. ഇക്കോഷോപ്പുകൾ വിവിധ സംഘടനകൾ വഴിയാണ് നടപ്പിലാക്കുന്നത്.

**സെക്ഷൻ ഓഫീസർ**